മലയാള മനോരമ

14-06-2024

# സിഎംഎഫ്ആർഐയും ഇൻകോയിസും ഗവേഷണ സഹകരണത്തിന് കരാർ

കൊച്ചി ● സമുദ്രമത്സ്യ മേഖലയിൽ ഗവേഷണ സഹകരണത്തിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഇന്ത്യൻ നാഷനൽ സെന്റർ ഫോർ ഓഷൻ ഇൻഫർമേഷൻ സർവീസസുമായി (ഇൻകോയിസ്) ധാരണാപത്രം ഒപ്പുവച്ചു. മത്സ്യലഭ്യതയെക്കുറിച്ചു മത്സ്യത്തൊഴിലാളികൾക്കു കൃത്യവും ഫലപ്രദവുമായ ഉപദേശങ്ങൾ നൽകുന്നതിനുള്ള സാങ്കേതിക വിദ്യകൾ പരിഷ്കരിക്കാൻ സംയുക്ത ഗവേഷണം സഹായകമാകും.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ.എ.ഗോപാലകൃഷ്ണനും ഇൻകോയ്സ് ഡയറക്ടർ ഡോ ടി ശ്രീനിവാസകുമാറും ധാരണാപത്രത്തിൽ ഒപ്പുവച്ചു. മത്സ്യബന്ധന സമുദ്ര ശാസ്ത്രം, സമുദ്ര പരിസ്ഥിതി ആഘാത പഠനം, റിമോട്ട് സെൻസിങ്, ജിഐഎസ് ജൈവവൈവിധ്യം, മത്സ്യസമ്പത്തിന്റെ പരിപാലനം, സാമൂഹിക ബോധവൽക്കരണം തുടങ്ങിയ മേഖലകളിൽ സംയുക്ത പഠനത്തിനാണു ധാരണ.